# കോട്ടയം
# സെന്റ് ജോസഫ്സ് കത്തീഡ്രൽ

**കെ. കുര്യാക്കോസ് കോറെപ്പിസ്കോപ്പ കിഴക്കേടത്ത്**
ഭദ്രാസന സെക്രട്ടറി




**1980** ജൂൺ 19 ന് പാണംപടി സെന്റ് മേരീസ് പള്ളിയിൽ ചേർന്ന ഭദ്രാസന പള്ളിപ്രതിപുരുഷയോഗത്തിൽ കോട്ടയം ഭദ്രാസന സഹായ മെത്രാപ്പോലീത്തയായി ഗീവർഗീസ് മോർ ഗ്രീഗോറിയോസ് തിരുമേനി ചുമതലയേറ്റു. അന്ന് ശ്രേഷ്ഠ കാതോലിക്കാ ബാവാ നടത്തിയ പ്രസംഗത്തിൽ കോട്ടയം നഗരത്തിൽ ഭദ്രാസനത്തിന് ആസ്ഥാനവും പള്ളിയും ഉണ്ടാകേണ്ടതിന്റെ ആവശ്യകത ഉദ്ബോധിപ്പിച്ചു. കോട്ടയം ഭദ്രാസനത്തിന് ഒരിക്കലും മറക്കാനാവാത്ത മിഖായേൽ മോർ ദിവന്നാസ്യോസ് തിരുമേനി കാലം ചെയ്തിട്ട് 25 വർഷം തികയുന്നു. 1981 ജനുവരി 18 ന് പുതിയ ആസ്ഥാനത്തിന് സ്ഥലം സമ്പാദിച്ച് കല്ലിടണമെന്ന് അന്നുതന്നെ തീരുമാനമുണ്ടായി. ഭദ്രാസന സെക്രട്ടറിയായിരുന്ന വന്ദ്യ പുളിക്കപ്പറമ്പിൽ പി.പി. ജോസഫ് കോറെപ്പിസ്കോപ്പായുടെ വസതിയിലാണ് അക്കാലത്ത് ഭദ്രാസന ഓഫീസ് പ്രവർത്തിച്ചിരുന്നത്. കോട്ടയത്തിന്റെ ഹൃദയഭാഗത്ത് ശാസ്ത്രി റോഡരികിൽ ഈ സെന്ററിന് വേണ്ട സ്ഥലം നൽകിയത് പാറയ്ക്കൽ ശ്രീമതി പെണ്ണമ്മ മാത്തൻ എന്ന സ്ത്രീരത്നമാണ്. മോർ ഗ്രീഗോറിയോസ് തിരുമേനി, പുളിക്കപ്പറമ്പിൽ പി.പി. ജോസഫ് കോറെപ്പിസ്കോപ്പ, പ്രഥമ ട്രസ്റ്റി പി.ടി. ഏബ്രഹാം (ജോയി) കടവുംഭാഗം എന്നിവരാണ് ഭദ്രാസനാസ്ഥാനത്തിനായി സ്ഥലം വാങ്ങിയത്.

1981 ജനുവരി 18 ന് പുണ്യശ്ലോകനായ മിഖായേൽ തിരുമേനിയുടെ 25-ാം ചരമവാർഷിക ദിനത്തിൽ അദ്ദേഹം അന്ത്യവിശ്രമം കൊള്ളുന്ന പാണംപടിപള്ളിയിൽ നിന്ന് ആശിർവദിച്ച കല്ല് ഘോഷയാത്ര യായി കൊണ്ടുവന്ന് ശ്രേഷ്ഠ കാതോലിക്കാ ബാവായുടെ പ്രധാന കാർമ്മികത്വത്തിലും അഭിവന്ദ്യരായ ഗീവർഗീസ് മോർ ഗ്രീഗോറിയോസ്, യാക്കോബ് മോർ തീമോത്തിയോസ് എന്നിവരുടെ സഹകാർമ്മികത്വത്തിലും കല്ലിടീൽ കർമ്മം നിർവ്വഹിച്ചു. ഇവിടെ ആരാധനാകേന്ദ്രം സ്ഥാപിക്കുന്നതിനുള്ള ചില സാങ്കേതിക തടസ്സങ്ങൾ പരിഹരിക്കാൻ ശ്രീ. ബാബുപോൾ ഐ.എ.എസ് വലിയ സഹകരണമാണ് നൽകിയത്. 1981 മാർച്ച് 25 ന് വചനിപ്പുപെരുനാൾ ദിനം താൽക്കാലിക ദേവാലയത്തിൽ

വി. കുർബ്ബാന അർപ്പിക്കപ്പെട്ടു. ശ്രേഷ്ഠ കാതോലിക്കാ ബാവായുടെ പ്രധാന കാർമ്മിക ത്വത്തിലും മോർ ഗ്രീഗോറിയോസ്, മോർ കൂറിലോസ്, മോർ തെയോഫിലോസ് എന്നീ പുണ്യശ്ലോകരായ പിതാക്കന്മാരുടെ സഹകാർമ്മികത്വത്തിലുമായിരുന്നു കൂദാശ. ഈ ചാപ്പൽ നീതിമാനായ ജോസഫിന്റെ നാമത്തിലാണ് സ്ഥാപിച്ചത്. സഭയിൽ മറ്റൊരി ടത്തും ഈ നാമത്തിൽ പള്ളിയില്ല.

1982 ഫെബ്രുവരി 20, 21 തീയതികൾ ഈ കത്തീഡ്രലിന്റെ ചരിത്രത്തിൽ രജതശോഭ യോടെ നിലനിൽക്കും. 20 ന് പരി. സഖാ പ്രഥമൻ പാത്രിയർക്കീസ് ബാവായെ കോടിമ തയിൽ നിന്ന് ആഘോഷപൂർവ്വം ഇവിടേക്ക് ആനയിച്ചു. 21-ന് പരി. പിതാവ് ചാപ്പലിന്റെ മുൻവശത്ത് താൽക്കാലിക മദ്ബഹായിൽ വി. കുർബ്ബാന അർപ്പിച്ചു. ശ്ലൈഹീക സന്ദേശ ത്തിൽ നിന്ന് ലഭിച്ച ആത്മീയാനുഗ്രഹങ്ങൾ ഏറ്റുവാങ്ങി ഭദ്രാസനാസ്ഥാനത്തിന്റെയും പള്ളിയുടെയും നിർമ്മാണം പൂർത്തീകരിക്കാനുള്ള ശ്രമമാണ് പിന്നീട് നടന്നത്. ഈ ആവശ്യത്തിനായി മോർ ഗ്രീഗോറിയോസ് തിരുമേനി എല്ലാ ദൈവാലയങ്ങളും വീടു കളും കാൽനടയായി സന്ദർശിച്ച് സാമ്പത്തിക സമാഹരണം നടത്തി. 1989 ജനുവരി 26 ന് പള്ളിയുടെ താൽക്കാലിക കൂദാശ മോർ ഗ്രീഗോറിയോസ് തിരുമേനി നിർവ്വഹിച്ചു. പെരു മ്പള്ളിൽ തിരുമേനിയുടെ വിയർപ്പാണ് ഈ ഭദ്രാസനാസ്ഥാനത്തിന്റെ ഭിത്തികൾക്ക് ബലം നൽകുന്നത്. ഭദ്രാസന സെക്രട്ടറി പുളിക്കപ്പറമ്പിൽ ജോസഫ് കോറെപ്പിസ്കോപ്പ, ജോയി കടവുംഭാഗം, എൻജിനീയർ പറമ്പിൽ പി.കെ. ജേക്കബ് എന്നിവരുടെ അത്യദ്ധ്വാ നവും എത്രയെടുത്തു പറഞ്ഞാലും മതിയാകില്ല.

ദൈവാലയ നിർമ്മാണ കാലഘട്ടത്തിൽ കളത്തിൽ ശ്രീ. കെ.ടി. സ്കറിയയുടെയും ശ്രീ. സ്കറിയ തോമസ് എക്സ് എം.പിയുടെയും സഹകരണം വിലപ്പെട്ടതാണ്. സഹായ ഹസ്തം നീട്ടിയവരുടെ നിര വളരെ വലുതാണ്. കെ.പി. ജോൺ കോട്ടപ്പറമ്പിൽ, അഡ്വ. കെ.പി. നൈനാൻ കോട്ടപ്പറമ്പിൽ, ഔസേപ്പുകുട്ടി മതിലകം, ചിറത്തലാട്ട് നൈനാൻ, പി. റ്റി. ജോസഫ് പാലാമ്പടം, രാജൻ മാത്യു മേമന, ഗ്ലോറി മാത്യു മേമന, വി.എ. വർക്കി വലിയവീട്ടിൽ പറമ്പിൽ മാമ്പലത്തുശേരി, തര്യൻ കെ. കോശി കണ്ടംചിറ, ഓഫീസ് സഹായി ജേക്കബ് ചേട്ടൻ, ഹാളിന്റെ നിർമ്മാണത്തിൽ സഹായിച്ച അബു ഏബ്രഹാം അക്കര, ഡോ. കെ.പി. തോമസ് കോട്ടപ്പറമ്പിൽ എന്നിവരുടെ പേരുകൾ പ്രത്യേകം പരാ മർശിക്കട്ടെ. ആദ്യകാലം മുതൽ ഇന്നോളം ദൈവാലയത്തിൽ ട്രസ്റ്റിയായി സേവനം അനുഷ്ഠിക്കുന്ന സണ്ണി ഫിലിപ്പിനെ പ്രത്യേകം അനുസ്മരിക്കുന്നു.

ഭദ്രാസന സെക്രട്ടറിമാരായി പ്രവർത്തിച്ചുവന്ന വന്ദ്യ പുളിക്കപ്പറമ്പിൽ പി.പി. ജോസഫ് കോറെപ്പിസ്കോപ്പ, വന്ദ്യ മൂലയിൽ കുര്യാക്കോസ് കോറെപ്പിസ്കോപ്പ, വന്ദ്യ തടത്തിൽ ഏബ്രഹാം കോറെപ്പിസ്കോപ്പ എന്നിവരുടെ നിസ്വാർത്ഥ സേവനവും ആസൂ ത്രണ മികവും ഭദ്രാസനത്തിന്റെ പുരോഗതിയിൽ വലിയ പങ്കാണ് വഹിച്ചത്. ഇപ്പോൾ ഭദ്രാസന സെക്രട്ടറിയായ എളിയവനായ ഞാൻ പ്രവർത്തിച്ചുവരുന്ന കാലത്ത് ഭദ്രാസനാ സ്ഥാനവും ദൈവാലയവും പുതുക്കിപ്പണിയുന്നതിൽ ഭാഗഭാക്കാകാൻ ദൈവം എന്നെ കരങ്ങളിലെടുത്ത് ഉപയോഗിച്ചതിൽ വിനയപൂർവ്വം സ്തുതി കരേറ്റുന്നു.

ഫാ. ഗീവർഗീസ് കല്ലൂപ്പറമ്പിൽ, വന്ദ്യ കരിമ്പനത്തറ ഏബ്രഹാം കോറെപ്പിസ്കോപ്പ, ഫാ. പി.എൻ. ചെറിയാൻ പയ്യാനിക്കൽ, വന്ദ്യ കണ്ടമുണ്ടാരിൽ ജയിംസ് കോറെപ്പി സ്കോപ്പ, ഫാ. നൈനാൻ ജേക്കബ് പറമ്പിൽ, ഫാ. സാബു ടി. ചോറാറ്റിൽ, ഫാ. തോമസ് പതിയാക്കൽ, ഫാ. കുര്യാക്കോസ് മണലേൽച്ചിറ, ഫാ. തോമസ് കെ. ഇട്ടി കുന്നത്തയ്യാട്ട്, ഫാ. ചെറിയാൻ കോട്ടയിൽ, ഫാ. തോമസ് പുളിക്കപ്പറമ്പിൽ, ഫാ. മാത്യൂസ് കാവുങ്കൽ, ഫാ. കുര്യാക്കോസ് കടവുംഭാഗം തുടങ്ങിയവരുടെ സേവനം എടുത്തുപറയേണ്ടതാണ്. 1999 ഫെബ്രു. 22 ന് ഭദ്രാസനാസ്ഥാനത്തിന്റെ സ്ഥാപകനായ പെരുമ്പള്ളി തിരുമേനി

കാലം ചെയ്തു. തിരുമേനിയുടെ നിശ്ചയദാർഢ്യവും ആത്മാർത്ഥതയുമാണ് ഇതിന്റെ പൂർത്തീകരണത്തിന് വഴി തെളിച്ചത്.

പെരുമ്പള്ളി തിരുമേനി 1998 ഒക്ടോബറിൽ രോഗാവസ്ഥയിലായപ്പോൾ തോമസ് മോർ തീമോത്തിയോസ് തിരുമേനി നവംബറിൽ സഹായ മെത്രാപ്പോലീത്തയായും പിന്നീട് 1999 ഫെബ്രുവരിയിൽ പൂർണ്ണ ചുമതലയുമേറ്റു. ഭദ്രാസനത്തിന്റെ വളർച്ചയ്ക്ക് ദീർഘവീക്ഷണത്തോടെയുള്ള പദ്ധതികൾ തിരുമേനി ആവിഷ്കരിച്ചു. ആത്മീയാടിത്തറ ശക്തിപ്പെടാൻ ആരംഭിച്ച പ്രാർത്ഥനായോഗത്തിനായി ഗീവർഗീസ് മാർ ഗ്രീഗോറിയോസ് ഹാൾ, ആധുനിക സജ്ജീകരണങ്ങളോടെ ബിഷപ്പ് ഹൗസ്, ഭദ്രാസന ഓഫീസ്, മോർ യൂലിയോസ് ബുക്ക് സെന്റർ എന്നിവയെല്ലാം നിർമ്മിച്ചു സഭയ്ക്ക് അഭിമാനം പകർന്നു.

സെന്റ് ജോസഫ്സ് കത്തീഡ്രൽ യാക്കോബായക്കാർക്ക് മാത്രമല്ല, ഇതര സഭാവിശ്വാസികൾക്കും ഇന്ന് പ്രാർത്ഥനാകേന്ദ്രമാണ്. കോട്ടയത്തും സമീപപ്രദേശങ്ങളിലുമുള്ള രോഗികൾക്ക് വൈദികസേവനം എപ്പോഴും ലഭ്യമാണ്. വി. കുർബ്ബാന വിശ്വാസികൾക്ക് ഏതു സമയത്തും നൽകുന്നതിന് ഇവിടെ ക്രമീകരിച്ചിട്ടുണ്ട്. ചൊവ്വാഴ്ചതോറും കത്തീഡ്രലിൽ നടക്കുന്ന പ്രാർത്ഥനായജ്ഞം വളരെ പ്രശസ്തമാണ്. വിദ്യാർത്ഥികൾക്കും ഉദ്യോഗസ്ഥർക്കും മുതിർന്നവർക്കുമായി പ്രത്യേക പ്രാർത്ഥനയും ക്യാമ്പും ഇവിടെ നടക്കുന്നു. എല്ലാ മാസവും ഭദ്രാസനാസ്ഥാനത്ത് വിവാഹ ഒരുക്ക സെമിനാർ നടത്തുന്നുണ്ട്. സേവന പ്രവർത്തനങ്ങൾക്കായി മോർ തീമോത്തിയോസ് തിരുമേനി രൂപം കൊടുത്ത കൃപാമിനിസ്ട്രി അശരണർക്ക് സഹായമെത്തിക്കുന്നു. കൂടാതെ എല്ലാ ഭക്ത സംഘടനകൾക്കും ഇവിടെ നിന്നും നേതൃത്വം നൽകുന്നു. ആദ്യാകല ഭദ്രാസന ഓഫീസ് സെക്രട്ടറിയായ ഫാ. മാത്യൂസ് കാവുങ്കൽ തുടർന്ന് ഭദ്രാസന ഓഫീസ് സെക്രട്ടറിയായി പ്രവർത്തിച്ചിരുന്ന പരേതനായ ജോയി സഖറിയ തെക്കേപറമ്പിൽ എന്നിവരെ കർത്തൃനാമത്തിൽ സ്മരിക്കുന്നു. ദൈവാനുഗ്രഹവും വി. യൗസേഫ് പിതാവിന്റെ മദ്ധ്യസ്ഥതയും പരി. പാത്രിയർക്കീസ് ബാവായുടെ അനുഗ്രഹവും ശ്രേഷ്ഠ കാതോലിക്കാ ബാവായുടെ കരുതലും അഭിവന്ദ്യ തിരുമേനിയുടെ നേതൃത്വവും സെന്റ് ജോസഫ്സ് കത്തീഡലിന് എന്നും മുതൽക്കൂട്ടാണ്.

*Source: Kottayam Diocese Souvenir, 2007*

SyrianChurch.org